കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കോർപ്പറേഷൻ പെൻഷൻ കൊടുക്കുന്ന ഒരേയൊരു സംസ്ഥാനം കേരളം മാത്രമാണ്. ഇൻഡ്യയിൽ മറ്റൊരു സംസ്ഥാനത്തും കോർപ്പറേഷൻ പെൻഷൻ കൊടുക്കുന്നില്ല. അന്ന് അങ്ങ് തീരുമാനിച്ചപ്പോൾ ആ ബാദ്ധ്യത ഗവൺമെന്റ് ഏറ്റെടുത്തിരുന്നുവെങ്കിൽ ഇന്ന് ഏറ്റവും നല്ല ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനം കെ.എസ്.ആർ.ടി.സി. ആകുമായിരുന്നു. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടേതല്ലാത്ത തെറ്റ് കൊണ്ടാണ് ഇന്ന് കെ.എസ്.ആർ.ടി.സി. ഈ സ്ഥിതിയിൽ മുന്നോട്ടുപോകുന്നത്. ഏതാണ്ട് 115 കോടി രൂപയാണ് ഒരു വർഷം പെൻഷനുവേണ്ടി ചെലവാകുന്നത്. ഇതിനുപുറമേ ഏതാണ്ട് 60 കോടി രൂപയുടെ മറ്റു ബാദ്ധ്യതയുമുണ്ട്. വികലാംഗർ, അന്ധർ, ബധിരർ, മൂകർ, സ്വാതന്ത്ര്യ സമര സേനാനികളുടെ ആശ്രിതർ എന്നിവർക്കെല്ലാം സൗജന്യ യാത്ര കൊടുക്കുന്നു. ഇതിനുപുറമേ വിദ്യാർത്ഥികൾക്ക് കൺസഷൻ കൊടുക്കുന്നു. നിലവിലുള്ളതിന്റെ 25 ശതമാനമാണ് വിദ്യാർത്ഥികളുടെ ചാർജ്. കഴിഞ്ഞ രണ്ട് ട്രാൻസ്പോർട്ട് ചാർജ് വർദ്ധനവിലും വിദ്യാർത്ഥികളുടെ ചാർജ്ജിൽ മാറ്റം വരുത്തിയിട്ടില്ല. ഇതുകാരണം വമ്പിച്ച നഷ്ടം കെ.എസ്.ആർ.ടി.സി.-ക്ക് വരുന്നുണ്ട്. ഇതിലൂടെ ഏതാണ്ട് 199 കോടി രൂപയുടെ ബാധ്യത കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുന്നു. അതുകൊണ്ടാണ് നേരത്തെ ബഹുമാനപ്പെട്ട തമ്പാനൂർ രവി എം.എൽ.എ. സൂചിപ്പിച്ചതുപോലെ, ചെയ്യേണ്ടിയിരുന്നത് ചെയ്യാൻ പറ്റാതെ വന്നത്. കെ.എസ്.ആർ.ടി.സി.-യിൽ ഇന്നും സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ട്. ബഹുമാനപ്പെട്ട മെമ്പർ, മറ്റ് സ്ഥാപനങ്ങളിൽ ഇടക്കാലാശ്വാസം കൊടുത്തു എന്നു പറഞ്ഞു. എന്നാൽ കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് ഒരു ഇടക്കാലാശ്വാസം കൊടുക്കാനുള്ള സാമ്പത്തിക സ്ഥിതി ഇപ്പോൾ ഇല്ല എന്ന് വളരെ ഖേദത്തോടുകൂടി അറിയിക്കട്ടെ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 13 ശതമാനം ഡി.എ. കുടിശ്ശിക കൊടുക്കുകയുണ്ടായി. ഇനിയും ധാരാളം ഡി.എ. കുടിശ്ശിക ഉണ്ട്. തൽക്കാലം സാമ്പത്തിക ബുദ്ധിമുട്ടുകാരണം അതും പരിഗണിക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മെമ്പറാണ് കെ.എസ്.ആർ.ടി.സി.-യിലെ ഐ.എൻ.ടി.യു.സി.യുടെ പ്രസിഡന്റ്. അദ്ദേഹം ശമ്പള പരിഷ്ക്കരണ ചർച്ച ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് എനിക്ക് ഒരു നിവേദനം തരികയുണ്ടായി. ഞാൻ ഈ സഭയിൽ പറയട്ടെ, ഈ ശമ്പള പരിഷ്ക്കരണ കാലാവധി ഫെബ്രുവരി 28-ന് നാല് വർഷം തികയുകയാണ്. അടുത്ത മാസം മാർച്ച് ആദ്യവാരം കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്ക്കരണ ചർച്ച ആരംഭിക്കുമെന്ന് ഉറപ്പുനൽകുന്നു. കെ.എസ്.ആർ.ടി.സി.-യിലെ ശമ്പള പരിഷ്ക്കരണ ചർച്ച ആരംഭിക്കാൻ പോകുകയാണ്.

(13) 1-4-2005-ന് മുമ്പ് വൈദ്യുതി കണക്ഷൻ എടുത്ത എൽ. ടി. ഉപഭോക്താക്കളിൽ നിന്നും അധിക ഡെപ്പോസിറ്റ് വസൂലാക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. ജയരാജൻ: സർ, 1-4-2005-നു മുമ്പ് വൈദ്യുതി കണക്ഷൻ എടുത്ത എൽ.ടി. ഉപഭോക്താക്കളിൽ നിന്നും അധിക ഡെപ്പോസിറ്റ് തുക വസൂലാക്കി കൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഊർജ്ജ വകുപ്പുമന്ത്രിക്ക് നിരവധി ഉപഭോക്താക്കൾ നൽകിയിട്ടുള്ള പെറ്റീഷനുകൾ കവറിംഗ് ലറ്ററോടുകൂടി ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകുകയുണ്ടായി. അദ്ദേഹം പറഞ്ഞത് അങ്ങനെ വസൂലാക്കാൻ പാടില്ല; അത് പിൻവലിച്ചുകൊണ്ട് ഉത്തരവ് കൊടുത്തിട്ടുണ്ട് എന്നാണ്. പക്ഷെ യഥാർത്ഥത്തിൽ കൊടുത്തിട്ടുള്ള ഉത്തരവ് പ്രകാരം 1-4-2005-നു മുമ്പ് ഈ അധിക ഡെപ്പോസിറ്റ് തുക കൊടുത്തവരിൽ നിന്ന് അത് വസൂലാക്കാൻ വേണ്ടിയുള്ള നീക്കമാണ് ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നത്. ഇനി തുടർന്ന് നോട്ടീസ് കൊടുക്കില്ല എന്നല്ലാതെ 800 രൂപ, 900 രൂപ നിരക്കിൽ അധിക ഡെപ്പോസിറ്റ് തുകയുടെ നോട്ടീസ് ഇതിനോടകം പല ഉപഭോക്താക്കൾക്കും കിട്ടിയിട്ടുണ്ട്. അവരുടെ ഇലക്ട്രിസിറ്റി ബില്ലിന്റെ കാശ് പോലും വാങ്ങുന്നില്ല. വൈദ്യുതി ബില്ലിന്റെ പൈസ അടയ്ക്കാൻ വേണ്ടി ഇലക്ട്രിസിറ്റി ഓഫീസിൽ പോകുന്ന അവസരത്തിൽ അവർ പറയുന്നത് ഡെപ്പോസിറ്റ് തുക അടച്ചാൽ മാത്രമേ ഞങ്ങൾ ബിൽ തുക വാങ്ങുകയുള്ളൂ എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി എനിക്ക് വാക്കാൽ നൽകിയിട്ടുള്ള ഒരു ഉറപ്പുണ്ട്, അതായത് അത് പിൻവലിച്ചുകൊണ്ട് ഉത്തരവ് കൊടുത്തിട്ടുണ്ട് എന്നുള്ള ഉറപ്പ്. പക്ഷെ അതിന് ഫലമുണ്ടായിട്ടില്ല. കൊടുത്ത നോട്ടീസ് അനുസരിച്ച് ഈ തുക വസൂലാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മന്ത്രിയുടെ ഉറപ്പ് പാലിക്കണം; ആ നിലയിൽ ഈ അധിക ഡെപ്പോസിറ്റ് തുക വസൂലാക്കുന്നത് നിർത്തിവയ്ക്കണം. അദ്ദേഹം ചാർജ്ജാക്കെ കുറച്ചിട്ടുണ്ട്. ഏതായാലും ഈ അധിക ഡെപ്പോസിറ്റ് തുക നോട്ടീസ് കൊടുത്തവരിൽ നിന്ന് അടക്കം വസൂലാക്കുന്നത് റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വൈദ്യുതി കണക്ഷൻ നൽകുമ്പോൾ ഉപഭോക്താക്കളിൽ നിന്ന് രണ്ടും മൂന്നും മാസത്തെ സംഖ്യ സെക്യൂരിറ്റിയായി വാങ്ങുന്നത് എത്രയോ കാലമായി നിലവിലുള്ള സംവിധാനമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 2003-ൽ ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ച് ഒരു സപ്ലൈ കോഡ് റഗുലേറ്ററി കമ്മീഷൻ ഇറക്കി. ആ സപ്ലൈ കോഡിൽ പറഞ്ഞത് ഓരോ വർഷവും ഇത് പുനർനിർണ്ണയം ചെയ്യണമെന്നാണ്. അങ്ങനെ പുനർനിർണ്ണയം ചെയ്യുമ്പോൾ കൂടുതൽ വൈദ്യുതി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അതിന് അഡീഷണൽ ഡെപ്പോസിറ്റ് വയ്ക്കണം. കുറച്ചാണ് ഉപയോഗിച്ചത് എങ്കിൽ ആ പണം അവർ അടയ്ക്കേണ്ട, ഇലക്ട്രിസിറ്റി ബില്ലിൽ അഡ്ജസ്റ്റ് ചെയ്യണം. അതിനുപുറമേ കൺസ്യൂമേഴ്സിന് ഒരു പ്രത്യേക ആനുകൂല്യം ഈ സപ്ലൈ കോഡിലെ പ്രൊവിഷനിൽ ഉണ്ട്. മുമ്പ് ഡെപ്പോസിറ്റ് ചെയ്താൽ അതിന് ഇന്ററസ്റ്റ് ബോർഡ് കൊടുക്കേണ്ടതില്ല. ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ച്, ഈ സപ്ലൈ കോഡ് അനുസരിച്ച്, ബാങ്ക് റേറ്റിലുള്ള ഇന്ററസ്റ്റ് ഈ ഡെപ്പോസിറ്റിന് നൽകണം. എന്നാലും ഇത് കൺസ്യൂമേഴ്സിന് പ്രശ്നം ഉണ്ടാക്കിയതായി പല പരാതികളും ലഭിച്ചിട്ടുണ്ട്. ശ്രീ. ജയരാജൻ, ശ്രീ. പ്രതാപൻ, ശ്രീ. പ്രതാപവർമ്മ തമ്പാൻ, ശ്രീ. തമ്പാനൂർ രവി അതുപോലെ പ്രതിപക്ഷത്തു നിന്ന് മറ്റു പല അംഗങ്ങളും പരാതി തന്നു. റിട്ടണായി കുറേ പരാതി എഴുതി ശ്രീ. പി. ജയരാജൻ എന്റെയടുത്തു വന്നിരുന്നു. ഞാൻ ഉടനെതന്നെ അത് നിർത്തിവയ്ക്കാൻ പറഞ്ഞുകൊണ്ട് ഒരു ഓർഡർ പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ജയരാജൻ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത് ആ ഓർഡർ പുറപ്പെടുവിക്കുന്നതിനു മുമ്പ് ചിലർക്ക് നോട്ടീസ് കൊടുത്തിരുന്നു അവരുടെ ഇലക്ട്രിസിറ്റി ബിൽ തുക ഇപ്പോൾ വാങ്ങുന്നില്ല; അധിക ഡെപ്പോസിറ്റ് തുക അടയ്ക്കാൻ നിർബന്ധിക്കുന്നു എന്നാണ്. ഒരു കാര്യം ഞാൻ ശ്രീ. ജയരാജനോട് പറഞ്ഞേക്കാം, അങ്ങനെയാണെങ്കിൽ അത് നിർത്തും. ബിൽ വാങ്ങാതെ ഈ ഡയറക്ഷൻ തെറ്റിക്കുന്ന ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയും കൈക്കൊള്ളും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഗവൺമെന്റും ബോർഡും ഒരു ഡയറക്ഷൻ കൊടുത്തിട്ട് അത് അംഗീകരിക്കാതെ ഒരു ഉദ്യോഗസ്ഥനും ഇരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഒരുപക്ഷേ അങ്ങനെ അവർക്ക് ആ ഓർഡറിനെപ്പറ്റി വല്ല തെറ്റിദ്ധാരണയുമുണ്ടെങ്കിൽ അത് ക്ലിയർ ചെയ്യും. തൽക്കാലം അത് നിർത്തിവച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മെമ്പറും മറ്റു മെമ്പർമാരും എല്ലാം ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതിന് ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

(14) കൂവ്വപ്പടി ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ട തനത് ഫണ്ട് തിരിച്ചു നൽകുന്നതു സംബന്ധിച്ച്

ശ്രീ. സാജു പോൾ: സർ, 9-7-2003-ലെ 381/2003-ാം നമ്പർ ഉത്തരവ് പ്രകാരം പ്ലാൻ, പി.ഡി. അക്കൗണ്ടുകൾ നിർത്തലാക്കിയപ്പോൾ കൂവ്വപ്പടി ഗ്രാമപഞ്ചായത്തിന്റെ 44,61,999 രൂപയുടെ തനതുഫണ്ട് നഷ്ടപ്പെട്ടു. വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന ആ പഞ്ചായത്തിൽ തനത് ഫണ്ട് ആയി അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): പലതിനും റെക്കോർഡ് സൃഷ്ടിച്ചിട്ടുള്ള ഈ സഭ ഇന്നും ഒരു പുതിയ റെക്കോർഡ് ഇടുകയാണ്. സീറോ അവറിൽ ഹൗസ് പിരിയുന്ന സ്ഥിതിയിലേക്ക് നമ്മൾ നീങ്ങുകയാണ്. കൂവ്വപ്പടി ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ട തുക തിരിച്ചുനൽകേണ്ടതു സംബന്ധിച്ചാണ് ശ്രീ. സാജു പോൾ സബ്മിഷൻ ഉന്നയിച്ചത്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 9-7-2003 മുതൽ ബിൽ സമ്പ്രദായം നടപ്പിലാക്കുകയും പ്ലാൻ, പി. ഡി. അക്കൗണ്ടുകൾ നിറുത്തുകയും ചെയ്തു. അതിൽ നിലനിന്നുവരുന്ന നോൺ പ്ലാൻ ഫണ്ടുകളും പ്ലാൻ ഫണ്ടുകൾ ഒഴികെയുള്ള മറ്റ് ഫണ്ടുകളും മാറ്റി നിക്ഷേപിക്കുന്നതിന് പ്രത്യേക അനുമതി ഉണ്ടായിരുന്നു. എന്നാൽ കൂവ്വപ്പടി ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിൽ സംയോജിതമായ നടപടി സ്വീകരിക്കാത്തതിനാൽ നിറുത്തലാക്കിയ പ്ലാൻ, പി.ഡി. അക്കൗണ്ടുകളിൽ മിച്ചമുള്ള തുക സർക്കാരിലേക്ക് വരവ് വച്ചു. ഫണ്ട് തിരികെ നൽകണമെന്ന ആവശ്യത്തിൻമേൽ ലോക്കൽ ഫണ്ട് ഓഫീസുകളിൽ നിന്നും പരിശോധനാ റിപ്പോർട്ട് വളരെ താമസിച്ചാണ് ലഭിച്ചത്. അപ്പോഴേക്കും അക്കൗണ്ടിൽ തുക ബാക്കിയില്ലാത്ത സാഹചര്യത്തിൽ പണം തിരികെ നൽകാൻ സാദ്ധ്യമായിരുന്നില്ല. ഇത്തരം ലാപ്സായ ഫണ്ടുകളുടെ വിവരങ്ങൾ അടങ്ങിയ ഫയൽ ഭരണവകുപ്പിൽ ഏൽപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ചശേഷം കൂവ്വപ്പടി ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കണമെന്ന് ആവശ്യപ്പെടുന്ന തുക നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി തിരിച്ചുനൽകുന്ന കാര്യത്തിൽ താമസംവിനാ തീരുമാനം എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly